പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 570

09.07.2012 -ൽ മറുപടിയ്ക്ക്

## കടകളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. വി.റ്റി.ബൽറാം | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃകാര്യവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ കടകളിലും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കണമെന്നുള്ളത് നിർബന്ധമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;<br><br>(ബി) ഇവ പരിശോധിക്കുവാൻ നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) യും (ബി) യും സംസ്ഥാനത്തെ അവശ്യ സാധനങ്ങൾ വിൽക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളിലും, ഹോട്ടലുകളിലും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കണമെന്ന് 1977 ലെ Kerala Essential Commodities (Maintanance of Accounts and Display of Prices and Stocks) Order, 1977 ലെ Kerala Food-Stuffs (Display of Prices by Catering Establishments) Order എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ ഒറ്റയ്ക്കും മറ്റ് ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന സ്പെഷ്യൽ സ്ക്വാഡിന്റെ നേതൃത്വത്തിലും പൊതുവിപണിയിൽ പരിശോധനകളും, റെയ്ഡുകളും നടത്തി നിയമം ലംഘിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) ഇതിനായി ജില്ലാ, സംസ്ഥാന തലങ്ങളിൽ സമിതികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഉദ്യോഗസ്ഥർ, പോലീസ് ഉദ്യോഗസ്ഥർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരടങ്ങുന്ന സമിതി പരിശോധനകൾ നടത്താറുണ്ട്. |
| (ഡി) പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ ഇത്തരം സമിതികൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, താലൂക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ ഭക്ഷ്യോപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ